## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 474

18.11.2019- ൽ മറുപടിയ്ക്ക്

## ജയിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന നടപടി

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. വി. കെ. പ്രശാന്ത് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (എ) | വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ബി) | ഏതെല്ലാം ജയിലുകളിലാണ് നിലവിൽ ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കി വില്പന നടത്തുന്നത് എന്ന് അറിയിക്കുമോ ; | (ബി) | സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം / വിയ്യൂർ/ കണ്ണൂർ, തുറന്ന ജയിൽ ചീമേനി, ജില്ലാ ജയിൽ കൊല്ലം/ ആലപ്പുഴ/ എറണാകുളം/കോഴിക്കോട്, സ്പെഷ്യൽ സബ് ജയിൽ, തിരുനന്തപുരം, വനിതാ ജയിൽ/ വനിതാ തുറന്ന ജയിൽ, തിരുവനന്തപുരം എന്നീ ജയിലുകളിലാണ് നിലവിൽ ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കി വിൽപ്പന നടത്തുന്നത്. |
| (സി) | ജയിലുകളിൽ നിന്നും ഉണ്ടാക്കുന്ന രുചികരവും ഗുണനിലവാരവുമുള്ള ഭക്ഷണം ഓൺലൈനിലൂടെ ഓർഡർ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (സി) | സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം / വിയ്യൂർ, ജില്ലാ ജയിൽ കൊല്ലം / എറണാകുളം / കോഴിക്കോട് എന്നീ ജയിലുകളിൽ നിന്നും ഉണ്ടാക്കുന്ന രുചികരവും ഗുണനിലവാരവുമുള്ള ഭക്ഷണം ഓൺ ലൈനിലൂടെ ഓർഡർ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ജയിലുകളിൽ നിന്ന് എൽ.ഇ.ഡി. ബൾബുകൾ നിർമ്മിച്ച് വിതരണം നടത്തുന്നുണ്ടോ ; വിശദാംശം നൽകുമോ ? | (ഡി) | കണ്ണൂർ സബ് ജയിലിൽ എൽ.ഇ.ഡി ബൾബ് നിർമ്മിക്കുന്നതിന് അന്തേവാസികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ ജയിലിൽ എൽ.ഇ.ഡി. ബൾബുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ, വിയ്യൂർ വനിതാ ജയിൽ എന്നിവിടങ്ങളിൽ എൽ.ഇ.ഡി. ബൾബ് നിർമ്മാണ പരിശീലനം തുടങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് സ്പെഷ്യൽ സബ് |

| | | | |
|---|---|---|---|
| | | | ജയിലിൽ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജുമായി സഹകരിച്ച് അന്തേവാസികളുടെ തൊഴിലധിഷ്ഠിത പരിശീലനത്തിന്റെ ഭാഗമായി 29.08.2019 മുതൽ എൽ.ഇ.ഡി. നിർമ്മാണ പരിശീലനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി ജയിൽ വകുപ്പ് 50,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. 20 അന്തേവാസികൾ പരിശീലനം നേടി വരുന്നുണ്ട്. മാനന്തവാടി ജില്ലാ ജയിലിൽ തടവുകാർ തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി എൽ.ഇ.ഡി. ബൾബ് നിർമ്മിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ ജയിലിൽ 5 അന്തേവാസികൾക്ക് എൽ.ഇ.ഡി. ബൾബ് നിർമ്മാണത്തിനായി പരിശീലനം നൽകുകയുണ്ടായി. പരിശീലനത്തിനുശേഷം അന്തേവാസികളെ ഉപയോഗിച്ച് 500 എൽ.ഇ.ഡി. ബൾബുകൾ നിർമ്മിക്കുകയും ടി 9 വാട്ട് എൽ.ഇ.ഡി. ബൾബുകൾ എറണാകുളം ജില്ലാ ജയിലിനു പുറത്തു പ്രവർത്തിക്കുന്ന ഭക്ഷ്യ വിതരണ കൗണ്ടർ മുഖാന്തിരം വിൽപന നടത്തി വരുകയും ചെയ്യുന്നു. ഒരു വർഷം വാറണ്ടിയുള്ള ബൾബുകൾ 80/- രൂപയ്ക്കും രണ്ട് വർഷം വാറണ്ടിയുള്ള ബൾബുകൾ 100/- രൂപയ്ക്കുമാണ് വില്പന നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സർക്കാരിന്റെ കാലയളവിൽ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലായി ജയിൽ വകുപ്പിൽ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

2016-17

i) 2016-17 കാലയളവിൽ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയ്ക്കായി 12 കോടി (പന്ത്രണ്ട് കോടി രൂപ മാത്രം) രൂപയും തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയ്ക്കായി 5.25 കോടി (അഞ്ച് കോടി ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) രൂപയും അനുവദിച്ചിരുന്നു.

പത്തനംതിട്ട, ആലപ്പുഴ ജില്ലാ ജയിലുകളിലെ പുതിയ ബ്ലോക്കുകളുടെ നിർമ്മാണം, ദേവികുളം സ്പെഷ്യൽ സബ് ജയിലിലെ ചുറ്റുമതിലിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം, ജില്ലാ ജയിൽ വിയ്യൂർ, സ്പെഷ്യൽ സബ് ജയിൽ മൂവാറ്റുപുഴ, ജില്ലാ ജയിൽ എറണാകുളം, സ്പെഷ്യൽ സബ് ജയിൽ കണ്ണൂർ, സബ് ജയിൽ ചാവക്കാട് എന്നിവിടങ്ങളിലെ അടുക്കളയുടെ നവീകരണം എന്നിവയാണ് ജയിലുകളുടെ നവീകരണം വാർഷിക പദ്ധതി (2016-17) പ്രകാരം നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ.

കണ്ണൂർ, തിരുവനന്തപുരം സെൻട്രൽ ജയിലുകളിൽ പ്രാർത്ഥനാ ഹാൾ നിർമ്മാണം, സെൻട്രൽ ജയിലുകളിൽ കുടിവെള്ള ശുദ്ധീകരണത്തിനായി ആർ.ഓ. പ്ലാന്റുകൾ, സെൻട്രൽ ജയിലുകളിൽ പവർ ലോണ്ട്രി സ്ഥാപിക്കൽ, ചീമേനി തുറന്ന ജയിലിൽ ഫാമുകൾ, കണ്ണൂർ സെൻട്രൽ ജയിലിൽ കമ്പ്യൂട്ടർ ലാബ് എന്നിവയാണ് തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതി (2016-17) പ്രകാരം നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ.

ii) 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് നിർമ്മാണം ആരംഭിച്ച അഞ്ച് പുതിയ ജയിലുകളുടെ (വിയ്യൂർ അതീവ സുരക്ഷാ ജയിൽ, തവനൂർ സെൻട്രൽ പ്രിസൺ, ഇടുക്കി ജില്ലാ ജയിൽ മുട്ടം, പാലക്കാട് ജില്ലാ ജയിൽ മലമ്പുഴ, ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ എന്നിവ) ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി 32.965 കോടി രൂപ (മുപ്പത്തി രണ്ട് കോടി തൊണ്ണൂറ്റിയാറ് ലക്ഷത്തി അൻപതിനായിരം രൂപ) അനുവദിച്ചു. ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ടി തുക പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു. ഇതിൽ ഇടുക്കി ജില്ലാ ജയിൽ മുട്ടം, പാലക്കാട് ജില്ലാ ജയിൽ മലമ്പുഴ, വിയ്യൂർ അതീവ സുരക്ഷാ ജയിൽ എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ, തവനൂർ സെൻട്രൽ ജയിൽ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

iii) മൂന്ന് സെൻട്രൽ ജയിലുകളിൽ ടെട്ര (TETRA Communication System) എന്ന പേരിലുള്ള അത്യാന്താധുനിക വയർലെസ് കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കുന്നതിനായി 2.30 കോടി

രൂപയുടെ (രണ്ട് കോടി മുപ്പത് ലക്ഷം രൂപ മാത്രം) പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും ടി പദ്ധതി നടപ്പിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2017-18

i) 2017-18 കാലയളവിൽ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയ്ക്കായി 13 കോടി രൂപയും ( പതിമൂന്ന് കോടി രൂപാ മാത്രം) തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയ്ക്കായി 5.50 കോടി രൂപയും ( അഞ്ച് കോടി അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ചു.

ചീമേനി തുറന്ന ജയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം, ബാരക്ക് നിർമ്മാണം, മാനന്തവാടി ജില്ല ജയിൽ ക്വാർട്ടേഴ്സ് നിർമ്മാണം, കോഴിക്കോട് ജില്ലാ ജയിൽ ക്വാർട്ടേഴ്സ് നിർമ്മാണം, വിയ്യൂർ സെൻട്രൽ ജയിലിൽ മൾട്ടി പർപ്പസ് ആഡിറ്റോറിയം നിർമ്മാണം, വിവിധ ജയിലുകളുടെ അറ്റകുറ്റപണികൾ, ജയിൽ അടുക്കളകളുടെ നവീകരണം, ഫോട്ടോ കോപ്പിയറുകൾ, ഇലക്ട്രോണിക് ത്രാസുകൾ എന്നിവ വാങ്ങുക എന്നിവയാണ് ജയിലുകളുടെ നവീകരണം വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ.

സി.സി.ടി.വി. സംവിധാനം, പബ്ലിക് അഡ്രസ് സിസ്റ്റം സ്ഥാപിക്കൽ, ഇന്റർവ്യൂ ഹാൾ നിർമ്മാണം, പവർ ലോണ്ട്രി സ്ഥാപിക്കൽ തടവുകാർക്കുള്ള തൊഴിൽ പരിശീലനം, സെൻട്രൽ ജയിലിലും തുറന്ന ജയിലിലും പൗൾട്രി ഫാം സ്ഥാപിക്കൽ, കണ്ണൂർ സെൻട്രൽ ജയിലിൽ ബേക്കറി യൂണിറ്റ് സ്ഥാപിക്കൽ എന്നിവയാണ് തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രധാന പദ്ധതികൾ.

II) തടവുകാരുടെ എണ്ണത്തിന് ആനുപാതികമായി ഉദ്യോഗസ്ഥരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി 2016-17, 2017-18 കാലയളവുകളിലായി ജയിൽ വകുപ്പിൽ വിവിധ കാറ്റഗറികളിലായി 308 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

iii) ഇ-ഫയൽ മാനേജ്മെന്റ് സംവിധാനം (i-Aps) രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനായി 39.34 ലക്ഷം രൂപ (മുപ്പത്തി ഒൻപത് ലക്ഷത്തി മുപ്പത്തിനാലായിരം രൂപാ മാത്രം) അനുവദിച്ചു ഭരണാനുമതി നൽകിയിട്ടുണ്ട്.

iv) ജയിൽ പരിഷ്ക്കരണം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ഡോ. അലക്സാണ്ടർ ജേക്കബ് (റിട്ട. ഡി.ജി.പി. & സി.എസ്) ഏകാംഗ കമ്മീഷനായി ജയിൽ പരിഷ്ക്കരണ കമ്മീഷനെ നിയോഗിക്കുകയും കമ്മീഷൻ സമർപ്പിച്ച ശിപാർശകൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

2018-19

i) 2018-19 സാമ്പത്തിക വർഷത്തിൽ ''ജയിലുകളുടെ നവീകരണം'' വാർഷിക പദ്ധതിയ്ക്കായി 10.44 കോടി രൂപയുടെയും (പത്ത് കോടി നാൽപ്പത്തി നാല് ലക്ഷം രൂപാ മാത്രം) ''തടവുകാരുടെ ക്ഷേമം'' പദ്ധതിയ്ക്കായി

6.19 കോടി രൂപ (ആറ് കോടി പത്തൊൻപത് ലക്ഷം രൂപാ മാത്രം) ഭരണാനുമതി നൽകി. ടി പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിൽ രോഗികളായ തടവുകാരെ പാർപ്പിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണം, തുറന്ന ജയിൽ നെട്ടുകാൽത്തേരി & തേവൻകോട് അനക്സ്, ജില്ലാ ജയിൽ കോട്ടയം, സബ് ജയിൽ മീനച്ചിൽ /പീരുമേട്/വിയ്യൂർ, ജയിൽ അടുക്കള നിർമ്മാണം, കുത്തുപറമ്പ് സ്പെഷ്യൽ സബ് ജയിൽ നിർമ്മാണം, ഇ-ഫയൽ മാനേജ്മെന്റ് സംവിധാനം, അയാപ്പ് (Internal Administrative Processing System iAPS for Prisons) എന്നിവയാണ് 'ജയിലുകളുടെ നവീകരണം വാർഷിക പദ്ധതി'' യിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രധാന പ്രവൃത്തികൾ.

ജയിലുകളിലെ സി.സി.ടി.വി. സംവിധാനത്തിന്റെ വാർഷിക പരിപാലനം, പാലക്കാട് ജില്ലാ ജയിൽ, സി.സി.ടി.വി. സംവിധാനം സ്ഥാപിക്കുക, ജയിലുകളുടെ ലൈബ്രറി നവീകരണം / പുസ്തകങ്ങൾ വാങ്ങുക, തുടർ വിദ്യാഭ്യാസ പരിപാടികൾ / യോഗാ ക്ലാസ്, ജയിലുകളിലേയ്ക്ക് ടെലിവിഷൻ സെറ്റ് വാങ്ങുക, സെൻട്രൽ ജയിലുകളിലേയ്ക്ക് ഇലക്ട്രോണിക് ട്രോളികൾ വാങ്ങുക, അന്തേവാസികൾക്കുള്ള തൊഴിൽ പരിശീലനം എന്നിവയാണ് ''തടവുകാരുടെ ക്ഷേമം'' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രധാന പ്രവൃത്തികൾ.

ii) ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള 24.24 കോടി രൂപയുടെ (ഇരുപത്തിനാല് കോടി ഇരുപത്തിനാല് ലക്ഷം രൂപാ മാത്രം) പദ്ധതി നടപ്പിലാക്കുന്നതിന് കെൽട്രോൺ, ബി.എസ്.എൻ.എൽ എന്നീ ഏജൻസികളെ ചുമതലപ്പെടുത്തി വർക്ക് ഓർഡർ നൽകിയിട്ടുള്ളതാകുന്നു. ടി പ്രവൃത്തി പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിലാകുന്നു.

2019-20

2019-20 സാമ്പത്തിക വർഷത്തിൽ "ജയിലുകളുടെ നവീകരണം" വാർഷിക പദ്ധതിയ്ക്കായി 15.55 കോടി രൂപയുടേയും (പതിനഞ്ച് കോടി അൻപത്തി അഞ്ച് ലക്ഷം രൂപാ മാത്രം) "തടവുകാരുടെ ക്ഷേമം" പദ്ധതിയ്ക്കായി 7 കോടി രൂപയും (ഏഴ് കോടി രൂപാ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്.

തളിപ്പറമ്പ് ജയിൽ നിർമ്മാണം, കാസർഗോഡ് സ്പെഷ്യൽ ജയിലിലെ കിച്ചൺ ബ്ലോക്ക് നിർമ്മാണം, പീരുമേട് സബ് ജയിലിലെ പുതിയ ഓഫീസ് ബ്ലോക്കിന്റെയും സെല്ലുകളുടേയും നിർമ്മാണം, ദേവികുളം സ്പെഷ്യൽ സബ് ജയിലിലെ പുതിയ അടുക്കള നിർമ്മാണം, കണ്ണൂർ സെൻട്രൽ ജയിലിലെ

വീവിംഗ് ബ്ലോക്കിന്റെ നവീകരണം, കണ്ണൂർ സെൻട്രൽ ജയിലിലെ അന്തേവാസികൾക്കുള്ള ക്യാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണം, മൂവാറ്റുപുഴ സ്പെഷ്യൽ സബ് ജയിലിലെ പ്രധാന കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ, മീനച്ചിൽ സബ് ജയിൽ ഓഫീസ് ബ്ലോക്ക് നിർമ്മാണം, ആറ്റിങ്ങൽ സബ് ജയിലിൽ ഓഫീസ് റൂമിന്റെയും ഗാർഡ് റൂമിന്റെയും നിർമ്മാണം, വാഹനങ്ങൾ വാങ്ങുക, സോളാർ എനർജി ഗ്രിഡ് കൺവർഷൻ, കമ്പ്യൂട്ടർ പ്രിന്റർ, യു.പി.എസ്. എന്നിവ വാങ്ങൽ, അയാപ്പ് Application CMC/AMC എന്നിവയാണ് "ജയിലുകളുടെ നവീകരണം വാർഷിക പദ്ധതി" യിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രധാന പ്രവൃത്തികൾ.

ബോർസ്റ്റൽ സ്കൂളിന്റെ ആധുനികവത്കരണത്തിനുള്ള നിർമ്മാണ പ്രവൃത്തികൾ, അന്തേവാസികൾക്കുള്ള തൊഴിൽ പരിശീലനം, കണ്ണൂർ സെൻട്രൽ ജയിലിലെ വീവിംഗ് യൂണിറ്റിലേയ്ക്കായി മെഷീനറികൾ വാങ്ങുക, വിയ്യൂർ സെൻട്രൽ ജയിലിലെ മാനുഫാക്ചറി യൂണിറ്റ് കെട്ടിടം നിർമ്മാണം, ജയിൽ ക്ഷേമദിനം, റിഫ്രഷർ കോഴ്സ്, സ്റ്റേറ്റ് ലെവൽ സെമിനാർ, തുടർ വിദ്യാഭ്യാസ പരിപാടി, യോഗാ ക്ലാസ്, ഫാമുകളുടെ നവീകരണം, തിരുവനന്തപുരം സെൻട്രൽ ജയിലിലെ മാനുഫാക്ചറി യൂണിറ്റ് നവീകരണം എന്നിവയാണ് ''ജയിലുകളുടെ നവീകരണം വാർഷിക പദ്ധതി" യിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രധാന പ്രവൃത്തികൾ.

സെക്ഷൻ ഓഫീസർ